ഭരണഭാഷ മാതൃഭാഷ
കേരള സംസ്ഥാന ജൈവവൈവിധ്യ ബോർഡ്
KERALA STATE BIODIVERSITY BOARD
A statutory and autonomous body, Government of Kerala

നം. 170/എ8/2024/കെ.എസ്.ബി.ബി. 16-08-2024

## വിജ്ഞാപനം

## പ്രാദേശികതലത്തിൽ നാശോന്മുഖമായിക്കൊണ്ടിരിക്കുന്ന ആവാസവ്യവസ്ഥകളുടെ പുനരുജ്ജീവനത്തിനായി താൽപ്പര്യമുള്ള ജൈവവൈവിധ്യ പരിപാലന സമിതികളിൽ (ബി.എം.സി. കൾ) നിന്നും പ്രൊപ്പോസലുകൾ ക്ഷണിക്കുന്നു:

ഭൂപ്രകൃതി, കാലാവസ്ഥ, ഭൂമിശാസ്ത്രപരമായ പ്രത്യേകതകൾ എന്നിവ കാരണം വനങ്ങൾ, പുൽമേട്ടുകൾ, കണ്ടലുകൾ, കാവുകൾ, പുഴകൾ, പുഴയോരങ്ങൾ, കായലുകൾ, തീരപ്രദേശങ്ങൾ, ചതുപ്പുകൾ, കുന്നുകൾ തുടങ്ങി ജൈവവൈവിധ്യത്താൽ സമ്പന്നമായ നിരവധി ആവാസവ്യവസ്ഥകൾ കേരളത്തിൽ കാണപ്പെടുന്നു. നമ്മുടെ നിലനിൽപ്പിനാവശ്യമായ ഉൽപ്പന്നങ്ങളും, സേവനങ്ങളും പ്രദാനം ചെയ്യുന്നതും, നിരവധി ജനങ്ങളുടെ ജീവനോപാധിയായി വർത്തിക്കുന്നതും വൈവിധ്യമാർന്ന ഇത്തരം ആവാസവ്യവസ്ഥകളാണ്. കാലാവസ്ഥാ വ്യതിയാനമെന്ന ആഗോള പ്രതിഭാസത്തിന്റെ പരിണതഫലങ്ങളിൽ നിന്നും ആവാസവ്യവസ്ഥകളെയും, ജൈവവൈവിധ്യത്തെയും സംരക്ഷിച്ചുകൊണ്ട് മാത്രമേ പ്രകൃതിയുടെ സംതുലനം വീണ്ടെടുക്കാനാവൂ.

ഒരു ആവാസവ്യവസ്ഥയെ നാശോന്മുഖമായിക്കൊണ്ടിരിക്കുന്ന അവസ്ഥയിൽ നിന്നും പൂർവ്വസ്ഥിതിയിലാക്കുക എന്നതാണ് ആവാസവ്യവസ്ഥയുടെ പുനഃസ്ഥാപനത്തിലൂടെ പ്രധാനമായും ഉദ്ദേശിക്കുന്നത്. ഓരോ ആവാസവ്യവസ്ഥയുടെയും നിലനിൽപ്പ് അതിൽ അധിവസിക്കുന്ന ജീവജാലങ്ങളെ ആശ്രയിച്ചിരിക്കുന്നതിനാൽ, പാരിസ്ഥിതിക സാഹചര്യങ്ങൾ വീണ്ടെടുക്കുന്ന തോടൊപ്പം ജൈവവൈവിധ്യ പുനരുജ്ജീവനവും ആവാസവ്യവസ്ഥാ പുനഃസ്ഥാപനത്തിന് അനിവാര്യമാണ്. ഇപ്രകാരം നാശോന്മുഖ മായിക്കൊണ്ടിരിക്കുന്ന നമ്മുടെ ആവാസവ്യവസ്ഥകളുടെ പുനഃസ്ഥാപനത്തിനുള്ള പ്രവർത്തനങ്ങൾ പ്രാദേശികതലത്തിൽ ബി.എം.സി. കളുടെ മേൽനോട്ടത്തിൽ ജനകീയ പങ്കാളിത്തത്തോടെ നടപ്പിലാക്കാൻ കഴിയും.

മേൽസൂചിപ്പിച്ച പ്രകാരമുള്ള പദ്ധതികൾ ബോർഡിന്റെ 2024-25 പ്ലാൻ സ്കീമിലുൾപ്പെടുത്തി നടപ്പിലാക്കുന്നതിനായി കേരളത്തിലെ തദ്ദേശസ്വയംഭരണ സ്ഥാപനങ്ങളിലെ തൽപ്പരരായിട്ടുള്ള ബി.എം.സി. കളിൽ നിന്നും പ്രൊപ്പോസലുകൾ ക്ഷണിക്കുന്നു.

പ്രാദേശികതലത്തിൽ നാശോന്മുഖമായതോ, നാശോന്മുഖമായിക്കൊണ്ടിരിക്കുന്നതോ ആയ തനത് ആവാസവ്യവസ്ഥകളെ, അത്തരം ആവാസവ്യവസ്ഥകളിൽ അധിവസിക്കുന്ന തദ്ദേശീയമായതും, സ്ഥാനീയമായിട്ടുള്ളതും, വംശനാശഭീഷണി നേരിടുന്നതുമായ ജീവജാലങ്ങളുടെ പരിപോഷണത്തിലൂടെയും, പാരിസ്ഥിതിക സാഹചര്യങ്ങൾ മെച്ചപ്പെടുത്തുന്നതിലൂടെയും വീണ്ടെടുക്കുന്നതിനുള്ള പ്രൊപ്പോസലുകളാവണം സമർപ്പിക്കേണ്ടത്. നാശോന്മുഖമായിട്ടുള്ള ആവാസവ്യവസ്ഥകളുടെ പുനഃസ്ഥാപനത്തിനായി പ്രാദേശികതലത്തിൽ പരിഗണിക്കാവുന്ന ചില

ആവാസവ്യവസ്ഥകളുടെ ഉദാഹരണങ്ങൾ ചുവടെ ചേർക്കുന്നു:

1. നദികൾ, സുപ്രധാന കൈവഴികൾ
2. കായലുകൾ
3. ചതുപ്പുകൾ
4. കണ്ടൽക്കാടുകൾ
5. പുഴയോരങ്ങൾ
6. പള്ളങ്ങൾ
7. തീരപ്രദേശം
8. ദേശാടന ജീവികളുടെ ആവാസകേന്ദ്രങ്ങൾ
9. കാവുകൾ
10. കൊറ്റില്ലങ്ങൾ
11. സ്വാഭാവിക തുരുത്തുകൾ, തുടങ്ങിയവ.

മേൽപ്പറഞ്ഞ പ്രകാരമുള്ള ആവാസവ്യവസ്ഥകളുടെ ജൈവ-പാരിസ്ഥിതിക സാഹചര്യങ്ങൾ പരിഗണിച്ചുകൊണ്ട്, താഴെപ്പറയുന്ന നിബന്ധനകൾക്ക് വിധേയമായി പ്രൊപ്പോസലുകൾ സമർപ്പിക്കാവുന്നതാണ്.

**നിബന്ധനകൾ:**

1. നിർദ്ദിഷ്ട പദ്ധതിയുടെ ഭാഗമായിട്ടുള്ള ഘടക പ്രവർത്തനങ്ങളുടെ വിശദമായ ബജറ്റ് എസ്റ്റിമേറ്റ് സഹിതമാവണം പ്രൊപ്പോസൽ സമർപ്പിക്കേണ്ടത്.
2. നിർദ്ദിഷ്ട പദ്ധതിയുടെ ഭാഗമായി സ്ഥിരമായ നിർമ്മാണ പ്രവർത്തനങ്ങൾ, ഉപകരണങ്ങൾ വാങ്ങൽ, സ്റ്റാഫിനെ നിയോഗിക്കൽ തുടങ്ങിയ പ്രവർത്തികൾ ഉൾക്കൊള്ളിക്കാൻ പാടുള്ളതല്ല.
3. ബി.എം.സി. കൾ സമർപ്പിക്കുന്ന പ്രൊപ്പോസലുകളിൽ നിന്നും തിരഞ്ഞെടുക്കുന്നവയ്ക്ക് ബോർഡിൽ നിന്നും അറിയിപ്പ് നൽകുന്നതായിരിക്കും.
4. പ്രൊപ്പോസലുകൾക്കൊപ്പം, ബി.എം.സി.യ്ക്കുവേണ്ടി ചെയർപേഴ്സണിന്റെയും സെക്രട്ടറിയുടെയും പേരിൽ സംയുക്തമായിട്ട് തുടങ്ങിയ അക്കൗണ്ടിന്റെ വിശദാംശങ്ങൾ കൂടി സമർപ്പിക്കേണ്ടതാണ്.
5. പ്രൊപ്പോസൽ പ്രകാരമുള്ള പദ്ധതികൾ നടപ്പിലാക്കുന്നതിന് അനുബന്ധ വകുപ്പുകൾ, ഗവേഷണ സ്ഥാപനങ്ങൾ, സർവ്വകലാശാലകൾ, കോളേജുകൾ, ബോർഡിന്റെ ജില്ലാതല ടെക്നിക്കൽ സപ്പോർട്ട് ഗ്രൂപ്പുകൾ (ടി.എസ്.ജി.), പരിസ്ഥിതി ജൈവവൈവിധ്യ മേഖലയിലെ സന്നദ്ധ സംഘടനകൾ എന്നിവരുടെ സാങ്കേതിക സഹായം ബി.എം.സി. യ്ക്ക് പ്രയോജന പ്പെടുത്താവുന്നതാണ്.
6. പ്രൊപ്പോസലുകൾ തയ്യാറാക്കുമ്പോൾ അതത് തദ്ദേശസ്ഥാപനങ്ങളിലെ തൊഴിലുറപ്പ് പദ്ധതി, കുടുംബശ്രീ എന്നിവയുടെ പങ്കാളിത്തം പരമാവധി ഉൾപ്പെടുത്തേണ്ടതാണ്.
7. പദ്ധതിയുടെ കാലയളവ് ഒരു വർഷമായിരിക്കും.
8. ഈ സ്കീമിന്റെ ഭാഗമായി ജൈവവൈവിധ്യ പാർക്കുകൾക്കുള്ള പ്രൊപ്പോസലുകൾ യാതൊരു കാരണവശാലും പരിഗണിക്കുന്നതല്ല.
9. ബി.എം.സി. കൾ സമർപ്പിക്കുന്ന പ്രൊപ്പോസലുകളിൽ നിന്നും അനുയോജ്യമായവ ബോർഡിന്റെ വിദഗ്ദതല സമിതി തിരഞ്ഞെടുക്കുന്നതാണ്. പ്രൊപ്പോസലുകൾ തിരഞ്ഞെടുക്കുന്നത് സംബന്ധിച്ച് ബോർഡിന്റെ തീരുമാനം അന്തിമമായിരിക്കും.

10. പ്രോജക്ടിന്റെ പ്രസക്തി, പ്രാധാന്യം എന്നിവ പരിഗണിച്ചുകൊണ്ടാകും ബോർഡ് ഫണ്ട് അനുവദിക്കുക. ആയതുസംബന്ധിച്ച് ബോർഡിന്റെ തീരുമാനം അന്തിമമായിരിക്കും.

മേൽ നിബന്ധനകൾക്ക് വിധേയമായി താൽപ്പര്യമുള്ള തദ്ദേശസ്വയംഭരണ സ്ഥാപനങ്ങളിലെ ബി.എം.സി. കൾക്ക് **അനുബന്ധമായി** ചേർത്തിട്ടുള്ള മാതൃകയിൽ താഴെപ്പറയുന്ന വിലാസത്തിലോ, ഇ-മെയിലിലൂടെയോ പ്രൊപ്പോസലുകൾ സമർപ്പിക്കാവുന്നതാണ്.

പ്രൊപ്പോസലുകൾ സമർപ്പിക്കേണ്ട അവസാന തീയതി: **30.09.2024**

പ്രൊപ്പോസലുകൾ അയക്കേണ്ട വിലാസം:

**മെമ്പർ സെക്രട്ടറി**
**കേരള സംസ്ഥാന ജൈവവൈവിധ്യ ബോർഡ്**
**'കൈലാസം', ടി.സി. 24/3219, നം.43, ബെൽഹാവൻ ഗാർഡൻസ്**
**കവടിയാർ പി.ഒ., തിരുവനന്തപുരം** - 695 003
**ഇ-മെയിൽ** - keralabiodiversity@gmail.com, kerala.sbb@kerala.gov.in

Signed by
V Balakrishnan
Date: 16-08-2024 14:40:35

**മെമ്പർ സെക്രട്ടറി**

അനുബന്ധം

## പ്രാദേശികതലത്തിൽ നാശോന്മുഖമായിട്ടുള്ള ആവാസവ്യവസ്ഥകളുടെ പുനരുജ്ജീവനം (2024–25)

## ബി.എം.സി – പദ്ധതി സമർപ്പണ മാതൃക

<table>
<tr><td>1</td><td colspan="2">തദ്ദേശസ്വയംഭരണ സ്ഥാപനത്തിന്റെ പേര്, ജില്ല</td><td>:</td><td></td></tr>
<tr><td>2</td><td colspan="2">പദ്ധതിയുടെ തലക്കെട്ട്/ തിരഞ്ഞെടുത്ത ആവാസവ്യവസ്ഥ</td><td>:</td><td></td></tr>
<tr><td>3</td><td colspan="2">ആമുഖം</td><td>:</td><td></td></tr>
<tr><td>4</td><td colspan="2">പദ്ധതിയുടെ പ്രാധാന്യം</td><td>:</td><td></td></tr>
<tr><td>5</td><td colspan="2">ലക്ഷ്യങ്ങൾ</td><td>:</td><td></td></tr>
<tr><td>6</td><td colspan="2">പദ്ധതി പ്രദേശത്തിന്റെ വിശദാംശങ്ങൾ</td><td>:</td><td></td></tr>
<tr><td rowspan="2">7</td><td rowspan="2">നിർദ്ദിഷ്ട പദ്ധതി പ്രദേശത്തിന്റെ ഉടമസ്ഥാവകാശം</td><td>ഏതു പ്രദേശം</td><td>:</td><td></td></tr>
<tr><td>പദ്ധതി നടപ്പിലാക്കുവാനുദ്ദേശിക്കുന്ന സ്ഥലത്തിന്റെ വിസ്തൃതി/ വ്യാപ്തി</td><td>:</td><td></td></tr>
<tr><td>8</td><td colspan="2">നടപ്പിലാക്കുന്ന രീതി</td><td>:</td><td></td></tr>
<tr><td rowspan="2">9</td><td rowspan="2">പദ്ധതിയുടെ ഭാഗമായി വച്ചുപിടിപ്പിക്കുന്ന സസ്യങ്ങൾ</td><td>സസ്യയിനങ്ങളും എണ്ണവും</td><td>:</td><td></td></tr>
<tr><td>ആകെ എണ്ണം</td><td>:</td><td></td></tr>
<tr><td>10</td><td colspan="2">പദ്ധതി പ്രവർത്തന കലണ്ടർ</td><td>:</td><td></td></tr>
<tr><td>11</td><td colspan="2">ബഡ്ജറ്റ് എസ്റ്റിമേറ്റ്</td><td>:</td><td></td></tr>
<tr><td>12</td><td colspan="2">പ്രയോജനങ്ങൾ/നേട്ടങ്ങൾ</td><td>:</td><td></td></tr>
<tr><td>13</td><td colspan="2">മോണിറ്ററിംഗ് സംവിധാനം, സാങ്കേതിക സഹായം</td><td>:</td><td></td></tr>
<tr><td>14</td><td colspan="2">പദ്ധതി നിർവ്വഹണ ശേഷം നടപ്പിലാക്കുന്ന സുസ്ഥിര പരിപാലന രീതികൾ (കുറഞ്ഞത് 5 വർഷത്തേക്കുള്ളത്)</td><td>:</td><td></td></tr>
<tr><td>15</td><td colspan="2">പദ്ധതിയുടെ ആകെ ബഡ്ജറ്റിൽ നിന്നും തദ്ദേശ സ്വയംഭരണ സ്ഥാപനത്തിന് ചെലവാക്കാവുന്ന തുക എത്ര?</td><td>:</td><td></td></tr>
<tr><td>16</td><td colspan="2">പ്രസ്തുത മാതൃകയിൽ ഇതിനുമുൻപ് ഏതെങ്കിലും പദ്ധതി നടപ്പിലാക്കി യിട്ടുണ്ടോ? ഉണ്ടെങ്കിൽ വിശദമാക്കുക.</td><td>:</td><td></td></tr>
<tr><td>17</td><td colspan="2">പ്രസ്തുത പദ്ധതിയ്ക്കായി മറ്റു സർക്കാർ വകുപ്പുകള്, സ്ഥാപനങ്ങൾ, ഏജൻസികൾ, എന്നിവയിൽ നിന്നും<br>സാമ്പത്തിക സഹായം ലഭിച്ചിട്ടുണ്ടോ? ഉണ്ടെങ്കിൽ വിശദമാക്കുക.</td><td>:</td><td></td></tr>
<tr><td>18</td><td colspan="2">പദ്ധതി ബി.എം.സി.യും തദ്ദേശ സ്വയംഭരണസ്ഥാപന ഭരണസമിതിയും അംഗീകരിച്ച തീരുമാനം നമ്പർ, തീയതി.</td><td>:</td><td></td></tr>
</table>

പദ്ധതി സംസ്ഥാന ജൈവവൈവിധ്യ ബോർഡിന്റെ നിർദ്ദേശപ്രകാരം സമയബന്ധിതമായി ബി.എം.സി. യുടെ നേതൃത്വത്തിൽ നടപ്പിലാക്കുന്നതാണെന്ന് ഉറപ്പ് നൽകുന്നു.

ഒപ്പ്
ബി.എം.സി സെക്രട്ടറി

ഒപ്പ്
ബി.എം.സി ചെയർപേഴ്സൺ

(സീൽ)